(ഡി) ഷാപ്പുകളിൽനിന്നും ഡിപ്പോകളിൽനിന്നും സാമ്പിളെടുത്ത് കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ അയച്ച് രാസപരിശോധന നടത്തിയാണ് ഗുണനിലവാരം പരിശോധിക്കുന്നത്.

(ഇ)&(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

35 (2592) എക്സൈസ് വകുപ്പിലെ പ്രൊമോഷൻ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഗാർഡുമാരിൽ യോഗ്യത യുള്ള സീനിയേഴ്സിനെ മറികടന്ന് ജൂനിയേഴ്സിന് പ്രൊമോഷൻ നൽകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ'

(ബി) 1981-ൽ എക്സൈസ് ഗാർഡായി ജോലിയിൽ പ്രവേശിച്ച എസ്.എസ്.എൽ.സിയും വകുപ്പുതല പരീക്ഷകളും പാസ്സായവരെ മറികടന്ന് എസ്.എസ്.എൽ.സി. തോറ്റവർക്ക് ഈ വർഷം പ്രൊമോഷൻ നൽകുകയു ണ്ടായോ; എങ്കിൽ ഈ നടപടി നിയമാനുസൃതമാണോ എന്ന് വെളിപ്പെടു ത്തുമോ;

(സി) ഈ ഉത്തരവ് പുനഃപരിശോധിച്ച് എക്സൈസ് വകുപ്പിലെ സീനിയേഴ്സിന് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല. എക്സൈസ് വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസ രിച്ച് എസ്.എസ്.എൽ.സി., നോൺ എസ്.എസ്.എൽ.സി. അനുപാതം 1:1 ആണ്. ആയതു പാലിക്കുവാൻവേണ്ടി സീനിയറായ എസ്.എസ്.എൽ.സി. പാസ്സായ എക്സൈസ് ഗാർഡുമാരെ മറികടന്ന് എസ്.എസ്.എൽ.സി. തോറ്റ എക്സൈസ് ഗാർഡുമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഈ നടപടി നിയമാനുസൃതമാണ്.

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരി ച്ചുവരികയാണ്.

36 (2593) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കുള്ള ട്രെയിനിംഗ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾ എന്തെ ങ്കിലും പരിശീലനം നൽകുന്നുണ്ടോ: എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ബി) അവർക്ക് ട്രെയിനിംഗിനായി ഒരു കോളേജ് സ്ഥാപിക്കു വാൻവേണ്ടി മുൻ ഗവൺമെന്റ് അൻപതു ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടു ത്തിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly